അദ്ധ്യായം 13

# കല്ലറക്കൽ കടവിൽ കുടുംബംവക വൈക്കം ഓർശ്ലേം പള്ളി

(അതിന്റെ പ്രാരംഭവും വളർച്ചയും)

അമലജന്മ മനോഹരിയായ വിശുദ്ധ അമലോത്ഭവമാതാവിന്റെ നാമധേയത്തിൽ കല്ലറക്കൽ കടവിൽ കുടുംബം വകയായി സ്ഥാപിതമായിട്ടുള്ള ഓർശ്ലേം പള്ളിയെപ്പറ്റിയാണ് ഇനി ചില കാര്യങ്ങൾ പ്രസ്താവിക്കേണ്ടതായുള്ളത്. ഈ ഓർശ്ലേം പള്ളി സ്ഥിതി ചെയ്യുന്ന പ്രദേശം കുറേക്കാലം വൈക്കം കുലശേഖരമംഗലം പകുതിയിലായിരുന്നു. പുതിയ വില്ലേജ് വിഭജനത്തിൽ വൈക്കം വടക്കേമുറി പകുതി പടിഞ്ഞാറേ മുറിയിലാണ് ഇപ്പോൾ ഈ ദേവാലയമിരിക്കുന്നത്. ഉദ്ദേശം 100 കൊല്ലങ്ങൾക്കു മുമ്പ് വേമ്പനാട്ടുകായലിനു പടിഞ്ഞാറേക്കരയിൽ താമസക്കാരായിരുന്ന കല്ലറക്കൽ കടവിൽ കുടുംബശാഖയ്ക്ക് ഈ പ്രദേശത്ത് ശേഖരമായി കുറേ വസ്തുക്കൾ കിട്ടി. ആ സമീപഭാവിയിൽത്തന്നെ 100 ഏക്കറിൽ കവിയുന്ന വിസ്തൃതിയിൽ ഫലഭൂയിഷ്ഠമായ നിലംപുരയിടങ്ങൾ ഈ കുടുംബശാഖയ്ക്ക് സ്വായത്തമായി ലഭിച്ചു. വസ്തുക്കൾ ദേഹണ്ഡിച്ചു നന്നാക്കുവാനും ആരംഭിച്ചു. അതോടുകൂടി 6 പുരുഷ സന്താനങ്ങളുള്ള അനന്തരതലമുറക്കാരിൽ ആരെങ്കിലും ഒന്നു രണ്ടുപേർ കിഴക്കേക്കരയിൽ താമസിക്കുന്നതു നല്ലതാണെന്നും വർഷക്കാലത്തും മറ്റും കിഴക്കേക്കരയിൽ നിന്നും അന്നന്നു പള്ളിപ്പുറത്തു പോകുക വിഷമമാകയാൽ കിഴക്കേക്കരയിൽ ഒരു വീടും താമസവും ഉണ്ടാകുന്നതു നല്ലതാണെന്നും കല്ലറക്കൽ കടവിൽ കുടുംബാംഗങ്ങൾക്ക് അഭിപ്രായമുണ്ടായി. നിലങ്ങളിൽ കൃഷിയും പുരയിടങ്ങിൽ ദേഹണ്ഡവും മണ്ണിറക്കി സ്ഥലങ്ങൾ നികത്തുകയും മറ്റും ചെയ്യുന്നതിനായി പ്രതിദിനം ധാരാളം ജോലിക്കാരും കിഴക്കേക്കരയിലുള്ള ഈ വസ്തുവകകളിലുണ്ടായിരുന്നു. ആ പരിതസ്ഥിതിയിൽ ഒരു കെട്ടിടം ഉണ്ടാകുമ്പോൾ, പിന്നീടൊരു വാസസ്ഥാനത്തിന് തക്കവിധമായിരിക്കണമെന്നു കൂടിക്കരുതി തൈക്കടവിൽ പുരയിടത്തിൽ ഉദ്ദേശം കൊ.വർഷം 1047 -ാമാണ്ടു സമീപിച്ച് നല്ലൊരു കെട്ടിടം തന്നെ പണി ചെയ്യിച്ചു.

പരേതനായ കല്ലറക്കൽ കടവിൽ വർക്കി വർക്കി 1-ാമന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ഏകപുത്രനായ വർക്കി വർക്കി 2-ാമനും കൂടി സഹകരിച്ചായിരുന്നു ഈ പ്രദേശത്തു വസ്തുവകകൾ സമ്പാദിച്ചത്. വർക്കി വർക്കി 1-ാമന്റെ ചരമത്തിനു ശേഷം വർക്കി വർക്കി 2-ാമനും അദ്ദേഹത്തിന്റെ പുത്രന്മാരും ഇവിടുത്തെ വസ്തുവകകൾ അഭിവൃദ്ധിപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധരായിത്തീർന്നു. ആദ്യഘട്ടത്തിൽ വർക്കി വർക്കി 2-ാമന്റെ സീമന്തപുത്രൻ വർക്കി വർക്കി 3-ാമൻതന്നെ കായലിനു കിഴക്കേക്കരയിൽ പുത്തനായി പണി പൂർത്തിയാക്കിയ തൈക്കടവിൽ വീട്ടിലേക്കു താമസം മാറ്റി. വർക്കി വർക്കി 3-ാമൻ കുടുംബസഹിതം കുലശേഖരമംഗലം ഭാഗത്തുള്ള തൈക്കടവിൽ താമസിച്ചുവരവെ അദ്ദേഹത്തിന്റെ സഹധർമ്മിണി ചരമം പ്രാപിക്കുകയുണ്ടായി. അതോടു

കൂടി ശ്രീ. വർക്കി വർക്കിയുടെ താമസം പള്ളിപ്പുറത്തേക്കു തന്നെ മാറ്റുകയും അദ്ദേഹത്തിന്റെ നേരെ അനുജനായ വർക്കി ഔസേപ്പ് (കുഞ്ഞവുത) കുടുംബസഹിതം താമസം തൈക്കടവിലേക്കു മാറ്റുകയും ചെയ്തു. സഹോദരന്മാരിൽ ആരെങ്കിലും ഒരാൾ കൂടി താമസം കുലശേഖരമംഗലത്തേക്കു മാറ്റുന്നതും അടുത്തടുത്തു 2 വീട് സ്വന്തമായി ഉണ്ടാകുന്നതും നന്നായിരിക്കുമെന്നുള്ള അഭിപ്രായം ശക്തിപ്പെട്ടതോടുകൂടി 3-ാമത്തെ സഹോദരനായ ചാക്കോച്ചന്റെ (വർക്കി ചാക്കോ) കുടുംബവും താമസം കുലശേഖരമംഗലത്തേക്കു മാറ്റി. കല്ലറക്കൽ കടവിൽ തൈക്കടവിൽ തെക്കേവീട്ടിൽ എന്നായിരുന്നു ചാക്കോച്ചൻ താമസമാക്കിയ ആ തെക്കേ വീടിന് പേര്. ഇങ്ങനെ ഇവർ രണ്ടു വീട്ടുകാർ കായലിനു കിഴക്കേക്കരയിൽ താമസമാക്കിയെങ്കിലും നിത്യപൂജാസൗകര്യങ്ങൾ ഇല്ലെങ്കിലും ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലെങ്കിലും ഒരു ദിവ്യപൂജാസൗകര്യം സമീപം ഇല്ലാതെ ഇരുന്നതിനാൽ ഇവർക്കു വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. വടക്കുവശം കുലശേഖരമംഗലത്ത് ഒരു പള്ളി ഒരു മൈലോളം അകലെയുണ്ടായിരുന്നുവെങ്കിലും വഴിയും പുഴയും ഇല്ലാതെ തോടുകളും പാടങ്ങളും ഇട കലർന്നുള്ള ദുർഘടവഴികൾ കടന്ന് അവിടെയെത്തി കുർബാന കാണുന്നതും മറ്റും വളരെ വിഷമകരവും ആയിരുന്നു. തന്മൂലം കായലിനക്കരെ പള്ളിപ്പുറത്തു തറവാട്ടിനു സമീപമുള്ള പൂർവ്വദേവാലയമായിരുന്നു ഈ രണ്ടു സഹോദരന്മാർക്കും കുറേയെങ്കിലും സൗകര്യപ്രദമായിരുന്നത്. എന്നാൽ വർഷക്കാലത്തെ കായൽതരണം വളരെ ദുർഘടകരവും ആയിരുന്നു.

എങ്കിലും കിഴക്കേക്കരയിലെ താമസക്കാരായ വർക്കി ഔസേപ്പ്, വർക്കി ചാക്കോ എന്ന സഹോദരന്മാർ രണ്ടു പേരും കിഴക്കേക്കരയിൽ വൈക്കത്തു പള്ളിയിലോ കുലശേഖരമംഗലത്തോ ഇടവക ചേരാതെ പള്ളിപ്പുറം ഇടവകയിൽത്തന്നെ തുടർന്ന്, ഇവിടെ ജീവിച്ചുവരികയാണ് ചെയ്തിരുന്നത്.

ഇപ്രകാരം കാര്യങ്ങൾ മുന്നോട്ടു കടക്കുകയിൽ എറണാകുളം വികാരിയപ്പോസ്തോലിക്ക നി. വ. ദി. ശ്രീ. പഴയപറമ്പിൽ മാർ ളൂയിസ് മെത്രാനച്ചൻ പള്ളി ഔദ്യോഗിക സന്ദർശനത്തിനായി പള്ളിപ്പുറത്തു വന്നു താമസിക്കുകയിൽ പിതാവിനെക്കാണുവാൻ ചെന്ന, തനിക്കേറ്റം താത്പര്യമുള്ള ഈ കുടുംബാംഗങ്ങളുടെ സുഖക്ഷേമാദികൾ ഓരോരുത്തരോടും കല്പിച്ചു ചോദിക്കുകയുണ്ടായി. തങ്ങളുടെ താമസസ്ഥലമായ കുലശേഖരമംഗലത്തു ഒരു ദേവാലയമില്ലാത്തതിന്റെ അസഹനീയമായ വൈഷമ്യങ്ങൾ അവർ തിരുമേനിയെ ബോധിപ്പിച്ചു. അക്കാലത്തുണ്ടായ പുതിയ ദേവാലയാനുവാദ അതിർത്തിവ്യവസ്ഥപ്രകാരം ആറോ, തോടോ, റോഡോ അതിരിൽ പുതിയ ദേവാലങ്ങൾ ജനങ്ങളുടെ സൗകര്യാനുസരണം പുത്തനായി അനുവദിക്കാമെന്നുള്ള മേലാവിലെ നിർദ്ദേശപ്രകാരം ഇവർക്കായി പ്രത്യേകം ഒരു പള്ളി ആവശ്യമെങ്കിൽ അനുവദിക്കാമെന്നും കഴിവുള്ള കുടുംബക്കാരായ നിങ്ങൾ ഒരു നവീനദേവാലയം അവിടെ നിർമ്മിക്കുന്നത് നല്ലതാണെന്നും കല്പിച്ചു പറയുകയുണ്ടായി. അന്നു മുതൽ ഈ സഹോദരന്മാരുടെ ഒരു പ്രധാന ചിന്താവിഷയം ഓർശ്ലത്തൊരു പുതിയ പള്ളിക്കാര്യമായിരുന്നു.

അങ്ങനെയിരിക്കവെ 1912-ാമാണ്ട് ജനുവരി 12-ാം തീയതിയിലെ ഒരു ചാത്തദി

വസം കുടുംബാംഗങ്ങൾ എല്ലാവരും തെക്കേടവിൽ സമ്മേളിച്ചിരുന്നപ്പോൾ ഈ സഹോദരന്മാരിൽ ഇളയ ആളായ ബ. മാത്തച്ചൻ ശമ്മാശ്ശന്റെ ഒരു എഴുത്തവിടെ അഞ്ചൽ മാർഗ്ഗം കിട്ടിയിരുന്നത് അന്നവിടെ വായിച്ചു. ആ എഴുത്തിന്റെ ഒരു പകർപ്പ് താഴെ ചേർക്കുന്നു.

പുത്തൻപള്ളി സെമ്നാരി
1912 ജനുവരി 4

എ. പ്രി. കൊച്ചിച്ചാച്ചാ,

ഞങ്ങളുടെ മുഴുവൻ ധ്യാനവും നവവൈദികരുടെ ദിവ്യപൂജാർപ്പണവും അവരുടെ വേർപാടുമെല്ലാം ഇപ്പോൾ കഴിഞ്ഞതേയുള്ളു. അതിശക്തിയായ ഒരു ബോധനം ഈയിടെ എനിക്കുണ്ടായത് അവിടെ അറിയിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കൊച്ചിച്ചാച്ചനും ചാക്കോച്ചനും അക്കരെ താമസമാക്കിയിരിക്കയാണല്ലോ? പള്ളിയിൽ പോകുന്നതിന് അവിടെ വളരെ പ്രയാസവുമാണല്ലോ? അവധിക്കു ഞാൻ വരുമ്പോൾ ഏകാന്തമായി പ്രാർത്ഥിക്കുന്നതിനും ആശ്വസിക്കുന്നതിനും ഒരു പ്രത്യേക സൗകര്യം വേണമെന്ന് ആഗ്രഹിക്കുന്നു. നിങ്ങളുടെ ഒരു വീടു പണിയിച്ചതിന്റെ പകുതിച്ചെലവു കൊണ്ടു നടക്കുന്ന ഒരു ചെറിയ കപ്പേള പണിയണമെന്ന് അമലോത്ഭവമാതാവ് എന്നോട് ബലമായിപ്പറയുന്നു. അമലോത്ഭവ അമ്മ ഇതിനുള്ള സഹായം നമുക്ക് തരും.

എന്ന് മാത്തച്ചൻ.

ഈ എഴുത്തു വായിച്ചു കേട്ടപ്പോൾ എല്ലാവർക്കും വളരെ സന്തോഷമായി. വളരെ നാളായി പര്യാലോചനയിലിരുന്ന പള്ളിക്കാര്യത്തിൽ ഉടനെ ഒരു തീരുമാനമുണ്ടാക്കുവാൻ ഈ എഴുത്തു വളരെ സഹായകമായി. ഒരു പള്ളി കല്ലറക്കൽ കടവിൽ കുടുംബം വകയായി കുലശേഖരമംഗലം ഭാഗത്തു ഉടനെ പണിയാരംഭിക്കണമെന്ന് അന്നുതന്നെ ഒരു തീരുമാനം ചെയ്തു. അതിനുവേണ്ട പണത്തിനുള്ള മാർഗ്ഗവും ആലോചനാവിഷയമായി. ബ. മാത്തച്ചൻ ശമ്മാച്ചന്റെ വീതം സ്വത്തുക്കളിൽ നിന്നും ഗണ്യമായ ഒരു സംഖ്യ കിട്ടുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് കുലശേഖരമംഗലത്തു താമസക്കാരായ സഹോദരന്മാർ രണ്ടു പേരും പള്ളിപണിക്കായി മുന്നോട്ടു വന്നു. ഈ ഉദ്ദേശസാദ്ധ്യത്തിനായി എല്ലാവരും തീക്ഷ്ണതയോടുകൂടി പ്രാർത്ഥിച്ചു തുടങ്ങുകയും ചെയ്തു. മാസങ്ങൾ ചിലതങ്ങനെ കടന്നു പോയി. 1913 ഡിസംബർ 31-ാം തീയതി സെമ്നാരിയിലെ അദ്ധ്യയനം പൂർത്തിയാക്കി ബ. മാത്തച്ചൻ ഗുരുപട്ടം സ്വീകരിച്ചു നവപൂജാർപ്പണം അത്യാഡംബരപുരസ്സരം കൊണ്ടാടി. തന്റെ നവപൂജാർപ്പണവേളയിൽ ദേവാലയസ്ഥാപനക്കാര്യമായിരുന്നു ഈ വൈദികന്റെ പ്രധാനനിയോഗങ്ങളിൽ ഒന്ന്. ഇതുപോലെ കുലശേഖരമംഗലത്തു താമസക്കാരായ ഇരുസഹോദരന്മാരും ഈ നിയോഗത്തിൽ മനം നീറി പ്രത്യേക പ്രാർത്ഥനകൾ സദാ ദൈവസന്നിധിയിൽ നടത്തിയിരുന്നു. ഇവരിൽ ജ്യേഷ്ഠസഹോദരനായ ശ്രീ. വർക്കി ഔസേപ്പ് സ്വഗൃഹത്തിലെ പ്രാർത്ഥനാമുറിയിൽ നമ്മുടെ കർത്താവിന്റെ തിരുമുഖത്തിന്റെ സമാകർഷകമായ ഒരു പടം സ്ഥാപിച്ച് അതിന് മുമ്പിൽ പതിവായി വിളക്കും തെളിച്ച്



ഓർശ്ലേലം പള്ളി. കല്ലറയ്ക്കൽ കടവിൽ കുടുംബംവക
ഈ ദേവാലയം വൈക്കത്തിനു വടക്കുവശം സ്ഥിതി ചെയ്യുന്നു.



ഓർശ്ലലം ദേവാലയത്തിന്റെ ഒരു മാതൃക. അത്യുന്നത കർദ്ദിനാൾ ഗിൽറോയി തിരുമനസ്സ് (മദ്ധ്യത്തിൽ) വലതു വശത്ത് അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന ബ. കൊച്ചുമാത്തൻ കത്തനാർ. ഇടതുവശത്ത് കല്ലറക്കൽ കടവിൽ ബ. വലിയ മാത്തൻ കത്തനാർ. സെന്റ് തോമാസിന്റെ ഒരു പ്രതിമ 1952 ഡിസംബറിൽ തേവര വച്ച് കല്ലറക്കൽ കുടുംബാംഗങ്ങൾ ഗിൽറോയി തിരുമനസ്സിന് തിരുമുൽക്കാഴ്ച സമർപ്പിക്കുകയുണ്ടായി.

ഈ പ്രത്യേകനിയോഗത്തിൽ പ്രാർത്ഥനകളണച്ചിരുന്നു. അദ്ദേഹം മാസാദ്യവെള്ളിയാഴ്ചതോറും മുടക്കംകൂടാതെ ചൊല്ലിച്ചുപോന്ന ദിവ്യപൂജയുടെ ഒരു പ്രത്യേകനിയോഗവും ഇതുതന്നെയായിരുന്നു ദൈവമഹത്വത്തിനായുള്ള ഈ സഹോദരന്മാരെവരുടേയും ഏകാഗ്രമായ ഈ പ്രാർത്ഥന സ്വർഗ്ഗസോപാനത്തിലേക്ക് സദാ ഉയർന്നുകൊണ്ടു തന്നെയിരുന്നിരിക്കണം. കാരുണ്യവാരിധിയായ ദൈവം അതു കൈക്കൊള്ളുകയും ചെയ്തിരിക്കണം.

പള്ളിപണിക്കാര്യം ഇപ്രകാരം തീരുമാനിച്ചതോടൊപ്പം അതിലേക്കുള്ള സ്ഥലം ഏതെന്നു നിശ്ചയിച്ചു. വൈക്കം താലൂക്കിലെ പുതിയ പകുതിവിഭജനത്തിൽ പണ്ടത്തെ കുലശേഖരമംഗലമായ വൈക്കം വടക്കേമുറിപകുതിയിൽ പടിഞ്ഞാറേ മുറിയിൽ തെക്കടവിൽ താമസം കല്ലറക്കൽ കടവിൽ വർക്കി ഔസേപ്പ് വകയായി കായലിറമ്പിലുള്ള ചാൽനിലം പള്ളിപണിക്കുവേണ്ടി നികത്തുവാനാരംഭിച്ചു. നികത്തുപണി സാമാന്യമായപ്പോൾ 1914 വൃശ്ചികം 19-നു പള്ളിപണിക്കു ഗവൺമെണ്ട് അനുവാദത്തിനായി കോട്ടയം പേഷ്ക്കാർ സമക്ഷവും അതുപോലെ വൈദികാധികാരാനുമതിക്കായി 1915 മേടമാസത്തിൽ എറണാകുളം മെത്രാസനസമക്ഷവും അപേക്ഷകളയച്ചു. തദനുസരണം എറണാകുളം വികാരിയപസ്തോലിക്കാ പഴയപറമ്പിൽ മാർ ളൂയിസ് മെത്രാനച്ചൻ തിരുമേനിയും സഹായമെത്രാൻ കണ്ടത്തിൽ മാർ അഗസ്തീനോസു തിരുമേനിയും കൂടി പള്ളിപണിക്കുള്ള സ്ഥലസന്ദർശനവും മറ്റും നടത്തുകയും പള്ളിപണിക്ക് അനുമതി നൽകുകയും ചെയ്തു. കല്ലറക്കൽ കടവിൽ വർക്കി മാത്തൻ കത്തനാരും സഹോദരൻ വർക്കി ഔസേപ്പും കൂടി എറണാകുളം അരമനയിൽ ബോധിപ്പിച്ചിരുന്ന ദേവാലസ്ഥാപനാപേക്ഷക്ക് 7175/6-4-1915-ാം നമ്പ്രായി എറണാകുളം അരമനയിൽ നിന്നും അതുപോലെ ഗവൺമെന്റിൽ നിന്നും അനുവാദം ഉടനെ സിദ്ധിക്കുകയും ഉണ്ടായി. അതേത്തുടർന്നു പള്ളിക്കു കല്ലിടുവാൻ എറണാകുളം അരമനയിലെ അനുമതിക്കായി ബ.മാത്തൻ കത്തനാർ 1917 ഏപ്രിൽ 20ന് ഒരു അപേക്ഷ ബോധിപ്പിച്ചു. എറണാകുളം മെത്രാസനാരമനയിൽ നിന്നും അന്നത്തെ തീയതി 8569-ാം നമ്പ്രായി ഉണ്ടായ കല്പനപ്രകാരം ബ.മാത്തൻ കത്തനാർ തന്നെ പള്ളിക്കു കല്ലുവെഞ്ചരിച്ചു സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നുവെന്നും, എന്നാൽ പള്ളിക്ക് ഓർശ്ലം പള്ളി എന്നു നാമകരണം ചെയ്യണമെന്നുമായിരുന്നു ആ കല്പന. അതനുസരിച്ച് 1917 ജൂലൈ 16-ാംനു കർമ്മലെ മാതാവിന്റെ തിരുനാൾ ദിനത്തിൽ ബ.വലിയ മാത്തച്ചൻ മുതൽപേരുടെ പിതാവു ചരമം പ്രാപിച്ചതിന്റെ ദ്വാദശവർഷസ്മാരകവും കൂടിയായി ആ സുദിനത്തിൽ പലേ വൈദികരുടേയും സാന്നിദ്ധ്യത്തിൽ ആഘോഷപൂർവ്വം ബ. വലിയ മാത്തച്ചൻ തന്നെ ഓർശ്ലം ദേവാലയസ്ഥാപനാർത്ഥം ശില ആശീർവദിച്ചു സ്ഥാപിച്ചു. അങ്ങനെ കുറേക്കാലം മുമ്പ് വേമ്പനാട്ടുകായലിന്റെ വിരിമാറിൽ ഓർജലം കൊണ്ടു മുഴുകി നിലയില്ലാതിരുന്ന ആ സ്ഥലത്ത് ജറുസലേമിലെ മഹിമയേറിയ ഓർശലം ദേവാലയത്തിന്റെ നാമത്തിൽ ഒരു മഹൽസ്ഥാപനത്തിന്റെ സൃഷ്ടികർമ്മം മംഗളകരമാം വിധം സമാരംഭിച്ചു. വൈക്കം ബോട്ടുജട്ടിയിൽ നിന്ന് ഒരു മൈലോളം വടക്കുമാറി മുവാറ്റുപുഴയാറിന്റെ ഒരു കൈവഴിയായ ഇത്തിപ്പുഴയാറിന്റെ സംഗമസ്ഥാനത്തിനു സമീപവുമായി ഏറ്റം ഫലസമൃദ്ധമായ ഒരു ഭൂവിഭാഗ

ത്തായിരുന്നു, വമ്പനാം വേമ്പനാടന്റെ കല്ലോലജാലം ഭൂദേവിയെ സദാ പരിരംഭണംചെയ്തു കൊണ്ടിരിക്കുന്ന ആ സ്ഥലത്ത്, ദിവ്യനാഥനു പള്ളികൊള്ളുവാനുള്ള ഒരു ആലയം പെട്ടന്നുപൊങ്ങിയുയർന്നു തുടങ്ങിയത്. ഈ ദേവാലയനിർമ്മാണം ജീവിതലക്ഷ്യമെന്നവിധം കല്ലറക്കൽ കടവിൽ ബ.വലിയ മാത്തൻ കത്തനാരും കായലിനു കിഴക്കേക്കരയിൽ താമസക്കാരായ ഇരുസഹോദരന്മാരും കരുതി അശ്രാന്തമായി ഇതിലേക്കു പരിശ്രമം തുടരെ നടത്തിക്കൊണ്ടാണിരുന്നത്. പള്ളിപണി അങ്ങനെ ദ്രുതഗതിയിൽ പുരോഗമനം ചെയ്തു.

ഈ ദേവാലയപ്പണി മൂന്നു കൊല്ലക്കാലം കൊണ്ടാണ് പൂർത്തിയായത്. പ്രതിദിനം കൂലിപ്പണിക്കാരും ആശാരിമാരും പല വേലക്കാരും ആയി പല ജോലിക്കാർ നിത്യവേലയിൽ ഏർപ്പെട്ടിരുന്നു. തൈക്കടവിൽ തറവാട്ടുഭവനത്തിൽ ശ്രീ.വർക്കി ഔസേപ്പവർകളുടെ പ്രഗത്ഭമതിയായ കുടുംബിനി ഈ പള്ളിപണിക്കാലത്ത് പരലോകപ്രാപ്തയായിരുന്നു. അതിനാൽ തൈക്കടവിൽ തെക്കേ വീട്ടിൽ ശ്രീ. വർക്കി ചാക്കോ അവർകളുടെ കുടുംബനായികയുടെ മേൽനോട്ടമായിരുന്നു വേലക്കാരുടെ ഭക്ഷണാദികാര്യങ്ങളിൽ കൂടുതലായുണ്ടായിരുന്നത്. ദേവാലയപ്പണി മുന്നോട്ടു നയിക്കുന്ന കാര്യത്തിൽ ബ.വലിയ മാത്തച്ചനും ഓർശ്ലം പള്ളി ഭാഗത്തു താമസക്കാരായ ഇരുസഹോദരകുടുംബങ്ങളും ആയിരുന്നു സ്ഥിരോത്സാഹികളായിരുന്നതെങ്കിലും പള്ളിപ്പുറത്തു താമസക്കാരായ മൂന്നു സഹോദരന്മാരുടെ ഭാഗഭാഗിത്വവും കേവലം ചെറുതായിരുന്നില്ല. പള്ളിപണിയുവാനുള്ള സ്ഥലം, കായലിനു പടിഞ്ഞാറേക്കരയിൽ നിന്നു ദിവസവും അനേകം വള്ളങ്ങൾ വഴി മണ്ണുകൊണ്ടു വന്നിട്ടു വെള്ളക്കെട്ടു വിസ്തൃതമായി നികത്തിയെടുത്തതുതന്നെ കെട്ടിടം പണി പോലെ ഗംഭീരമായ ഒരു ചെലവായിരുന്നു. പുതിയ നികത്താകയാൽ ആനയെക്കൊണ്ടു വന്നു നികത്തുസ്ഥലം ശരിയായി ചവിട്ടിച്ചുറപ്പുവരുത്തിയ ശേഷമായിരുന്നു വാനം വെട്ടിപണികൾ തുടർന്നതെന്നതും പ്രസ്താവ്യമത്രെ. കെട്ടിടം പണിക്കു മാത്രം വേണ്ടി വന്ന അക്കാലത്തെ ഒരു വരവുചെലവു കണക്കിന്റെ ഏറ്റവും സംക്ഷിപ്തവിവരം കൂടി താഴെച്ചേർക്കുന്നു.

| | | രൂ. | ച. | കാ. |
|---|---|---|---|---|
| 1) | ബ.വലിയ മാത്തൻ കത്തനാരുടെ വകയായി പണം, നെല്ല്, അരി മുതലായ ഇനത്തിൽ വരവ് " | 3313 | 3 | 3 |
| 2) | വർക്കി ഔസേപ്പ് | 2253 | 20 | 13 |
| 3) | വർക്കി ചാക്കോ | 1227 | 9 | 15 |
| 4) | പൊതുച്ചിട്ടിയിനത്തിൽ കുടുംബാംഗങ്ങളുടെ പൊതുവരവ് | 4484 | 12 | 12 |
| 5) | വർക്കി വർക്കി | 145 | 21 | 12 |

| | | | | |
|---|---|---|---|---|
| 6) | വർക്കി ചാണ്ടി | 240 | 6 | 4 |
| 7) | വർക്കി തര്യൻ | 719 | 0 | 0 |
| 8) | കുട്ടനാട്ടിലും മറ്റുമുള്ള ചില ബന്ധു മിത്രങ്ങളുടെ സംഭാവന | 264 | 14 | 0 |

പള്ളിക്കെട്ടിടം പണി വകക്ക്, മണ്ണിറക്കിപ്പൊക്കി പള്ളിസ്ഥലം ശരിപ്പെടുത്തുവാൻ (അന്ന് പള്ളിക്ക് ചുറ്റും ചെറിയൊരു സ്ഥലവിസ്തൃതിക്കുമാത്രം) ചെലവായ തുക 1731-ൽ പരം ക.യും ഇന്ന് അത്ര ഭീമമായ ഒരു തുകയായിത്തോന്നുകയില്ലെങ്കിലും ഇക്കാലത്താണെങ്കിൽ അതിന്റെ നൂറ് ഇരട്ടി സംഖ്യയെങ്കിലും ഇല്ലാതെ ഇന്നത്തെസ്ഥിതിക്ക് ഇത്രയും പണികൾ നടക്കുകയില്ലല്ലോ? ഈ ദേവാലയത്തിന്റെ മുഖവാരഭാഗത്തു പ്രധാനപ്രവേശന സ്ഥാനമായ പടിഞ്ഞാറേ വാതിലിനു ഇടവും വലവുമായി സുറിയാനിയിലും മലയാളത്തിലും ഓരോ ശിലകൾ പ്രത്യേകം കൊത്തി സ്ഥാപിച്ചിട്ടുള്ള കാര്യവും വിസ്മരണിയമല്ല. അതിൽ മലയാള ശിലാലിഖിതം ഇപ്രകാരമാണ്. കല്ലറക്കൽ കടവിൽ വർക്കി വർക്കിയെന്ന ആളുടെ നിര്യാണത്തിന്റെ ദ്വാദശവർഷ സ്മാരകമായി 1917 ജൂലൈ 16-ാം തീയതി എറ. വികാ. അപ. നി. വ. ദിവ്യശ്രീ പഴേപറമ്പിൽ മാർ ളൂയിസ് മെത്രാനച്ചൻ അവർകളുടെ കല്പനപ്രകാരം കല്ലറക്കൽ കടവിൽ ബ.വർക്കി മാത്തൻ കത്തനാർ ഈ ഓർശലം പള്ളിയുടെ ശിലാസ്ഥാപനകർമ്മം നടത്തപ്പെട്ടു

പള്ളിപണി പൂർത്തിയായിക്കഴിഞ്ഞപ്പോൾ ആഘോഷാഡംബരപൂർവ്വം ദേവാലയാശീർവാദച്ചടങ്ങുകൾ നിർവ്വഹിക്കണമെന്നു കുടുംബാംഗങ്ങൾക്കും വിശിഷ്യ ബ.വലിയ മാത്തച്ചനും അഭിപ്രായമുണ്ടായി. തദനുസരണം അതിലേക്കുവേണ്ട സജ്ജീകരണങ്ങളാരംഭിച്ചു. രൂപതാദ്ധ്യക്ഷനായ നി. വ. ദി. ശ്രീ. കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമേനി സദയം ആ മംഗളകർമ്മം നിർവ്വഹിച്ചു തരാമെന്നു സന്തോഷപൂർവ്വം സമ്മതിച്ചു. 1920 ഫെബ്രുവരി മാസം 1-ാം തീയതി ആശീർവ്വാദകർമ്മത്തിനു ദിവസവും നിശ്ചയിച്ചു. ആ മംഗളദിനം സമാഗതമായി. നേരം പ്രഭാതമായപ്പോൾ പള്ളിയും പരിസരവുമെല്ലാം കമനീയമായലങ്കരിച്ച് ചേതസ്സമാകർഷകമാക്കപ്പെട്ടിരുന്നു. സമയം പ്രഭാതമായപ്പോൾ ദിങ്മണ്ഡലം മുഖരിതമാകുമാറ് മണിനാദവും കൂട്ടക്കതിനാവെടികളും ആ നവീനഭൂവിഭാഗത്ത് പ്രഥമമായി മുഴങ്ങിത്തുടങ്ങി. ജനങ്ങൾ കരമാർഗ്ഗമായും ജലമാർഗ്ഗമായും ഈ നവീന ഓർശ്ലം ദേവാലയത്തെ ലക്ഷ്യമാക്കി വന്നുകൂടിത്തുടങ്ങി. അക്കൂട്ടത്തിൽ പല ബ.വൈദികരും ഉൾപ്പെടുന്നുണ്ടായിരുന്നു. അഭിവന്ദ്യ പിതാവു കണ്ടത്തിൽ തിരുമേനിയേയും പരിവാരങ്ങളേയും സംവഹിച്ചിരുന്ന 'ബവേറിയാ' എന്ന മനോഹരമായ ബോട്ടും ദേവാലയപുരോഭാഗത്തു സജ്ജീകരിച്ചിരുന്ന ജട്ടിയിൽ വന്നടുത്തു. മംഗളധ്വനികൾ മുഴങ്ങി. ജട്ടിക്കടുത്ത് സജ്ജീകരിച്ചിരുന്ന സ്വീകരണവേദിയിൽ പ്രവേശിച്ച തിരുമേനി തൽസമയം അവിടെ തടിച്ചുകൂടിയിരുന്ന തന്റെ അജഗണങ്ങളെ ആ സ്ഥലത്തുവെച്ച് ഇദംപ്രഥമമായി ഇടയനടുത്ത തന്റെ ആശീർവാദത്താൽ അനുഗ്രഹിച്ചു. തുടർന്നു ദേവാലയാശീർവ്വാദകർമ്മവും സമാരംഭിച്ചു. പ്രധാന കാർമ്മികനായ ആ അഭിവന്ദ്യതിരുമേനിയെ

അകമ്പടി സേവിക്കുവാൻ ഒട്ടേറെ ബ. വൈദികരും തൽസമയം ആ സ്ഥലത്ത് എത്തിച്ചേർന്നിരുന്നു. ആശീർവ്വാദകർമ്മം കഴിഞ്ഞു ജനങ്ങൾ ഏവരും കൃജ്ഞതാനിർഭരമായ ഹൃദയത്തോടു കൂടി ദേവാലയത്തിനകത്തു പ്രവേശിച്ചു ദൈവത്തിനെ വാഴ്ത്തിസ്തുതിച്ചു. ആ സമയത്ത് ബ. വലിയ മാത്തച്ചനും സഹോദരന്മാർക്കും മറ്റു കുടുംബാംഗങ്ങൾക്കും ഉണ്ടായ ആനന്ദവും ദൈവത്തിനോടുള്ള അതിരറ്റ കൃതജ്ഞതയും എത്രമാത്രമായിരുന്നു എന്ന് ഊഹിക്കാമല്ലോ.

ആശീർവാദകർമ്മാനന്തരം അവിടെക്കൂടിയിരുന്ന ബഹുശതം ആളുകളോടായി സുപ്രസിദ്ധ വാഗ്മിയും പണ്ഡിതവരേണ്യനും ആയിരുന്ന കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ (ക. നി. മൂ. സ.) ബ. കൊച്ചുചാണ്ടിയച്ചൻ (കട്ടക്കയം) സരസഗംഭീരമായ ഒരു പ്രസംഗം ചെയ്തു. ക്രൈസ്തവദേവാലയങ്ങളുടെ ആവശ്യമാഹാത്മ്യങ്ങൾ, ഈ ദേവാലയനിർമ്മാണത്തിന്റെ സാഹചര്യങ്ങൾ, കല്ലറക്കൽ കടവിൽ കുടുംബാംഗങ്ങളുടെ ദൈവഭക്തിവിശ്വാസങ്ങൾ, ഈ സ്വന്തം ദേവാലയനിർമ്മാണത്തിൽ അവരുടെ ത്യാഗബുദ്ധി മുതലായവ, ആ സരസകോമളമായ പ്രസംഗത്തിൽ ഉൾക്കൊണ്ടിരുന്നു. കല്ലറക്കൽ കടവിൽ കുടുംബാംഗങ്ങളുടേയും വിശിഷ്യ ഈ സംരഭത്തിൽ സാരമായ ഭാഗഭാഗിത്വം വഹിച്ചു പ്രവർത്തിക്കുകയും പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്ത ബ.മാത്തൻ കത്തനാരുടേയും ഒരു ശാശ്വതസ്മാരകമായി എന്നെന്നും ഈ സ്ഥാപനം പരിലസിക്കട്ടെ എന്നും അദ്ദേഹം ദൈവസന്നിധിയിൽ ആശംസകളർപ്പിച്ചുകൊണ്ട് ആ പ്രസംഗം ഉപസംഹരിച്ചു. അവിടെവെച്ച് തുടർന്നു നടന്ന അതിഗംഭീരമായ ഡിന്നർ സൽക്കാരത്തിൽ അഭിവന്ദ്യതിരുമേനിയും 25 ൽപരം വൈദികവരേണ്യരും സംബന്ധിച്ചിരുന്നു. മറ്റുള്ളവർക്കുള്ള വിപുലമായ സൽക്കാരങ്ങൾ വേറെ സ്ഥലത്തും ഇതേ സമയം ക്രമീകരിച്ചിരുന്നു. മാർ അഗസ്തിനോസ് തിരുമേനി രൂപതാഭരണം കയ്യേറ്റിട്ടു പ്രഥമമായി ഒരു ദേവാലയാശീർവ്വാദകർമ്മം നിർവ്വഹിക്കുന്നത് ഈ ഓർശ്ലം ദേവാലയമാണെന്നുള്ളതും ആ തിരുമേനിയുടെ മഹനീയമായ ചരിത്രത്തിനും ഈ ദേവാലയചരിത്രത്തിനും സവിശേഷമായ ഒരു ഭൂഷണം തന്നെയാണല്ലോ.

കൊല്ലങ്ങൾ അങ്ങനെ ഓരോന്നു സാവധാനമായി കടന്നുകൊണ്ടാണല്ലോ ഇരിക്കുന്നത്. ഈ ദേവാലയം ഒരു സ്വതന്ത്രദേവാലയമായി എന്നെന്നും നടക്കത്തക്കവിധം അതിലേക്കുവേണ്ട സ്വത്തും സ്ഥിതിയും കൈവരുത്തുന്ന കാര്യത്തിലും ബ. വലിയ മാത്തച്ചൻ അശ്രാന്തമായി തുടർന്ന് പരിശ്രമിക്കുന്നുണ്ട്. ഓർശ്ലം പള്ളിപരിസരങ്ങളിൽ താമസക്കാരായ സ്വസഹോദരന്മാരും സഹോദരപുത്രന്മാരും അതിൽ ഉത്സുകരാണെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. കുറേക്കാലം ഇതരദേവാലയങ്ങളുടെ ഭരണസാരഥ്യം വഹിച്ചിരുന്ന ബ.മാത്തൻ കത്തനാർ തന്റെ ശരീരാസുഖം മൂലം ഇടക്കിടെ തന്റേയും സഹോദരന്മാരുടേയും സ്വന്ത പരിശ്രമഫലമായുദയം ചെയ്ത ഈ ഓർശ്ലം ദേവാലയം തന്റെ വിശ്രമരംഗമായി കൈക്കൊണ്ടിട്ടുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം ഈ ദേവാലയം ഉപര്യുപരി ഉൽക്കർഷത്തിലെത്തിലെത്തിക്കാൻ ബ.വലിയ മാത്തച്ചൻ സർവ്വാത്മനാ പരിശ്രമിക്കയും സഹോദരന്മാരും പുത്രന്മാരും അദ്ദേഹത്തിനെ അക്കാര്യത്തിൽ സഹകരിച്ചു സഹായിക്കുകയും ചെയ്തിട്ടുണ്ട്.കൂടെക്കൂടെയുള്ള അസുഖാവസ്ഥകൾ

മൂലം, വേറൊരു ദേവാലയഭരണത്തിനു വേണ്ട ശരീരശക്തിക്ഷയവും ബ. വലിയ മാത്തച്ചന്റെ വാർദ്ധക്യവും പരിഗണിച്ച്, മരണം വരെ ഓർശ്ലം പള്ളിയുടെ വികാരിയെന്ന നിലയിൽ കഴിഞ്ഞു വന്ന ബ.മാത്തച്ചന്റെ സ്വന്ത നോട്ടത്തിലും ഈ ദേവാലയം ക്രമാനുഗതമായ വളർച്ചയിൽ ഉയർന്നുകൊണ്ടാണിരുന്നത്.

ഇതിനിയടിൽ ഓർശ്ലം ദേവാലയം ഒരു ഇടവക ദേവാലയം എന്ന നിലയിൽ അതിരുകൾ തിരിച്ച് ഇതിനെ ഉയർത്തുന്നതിന് അഭിവന്ദ്യ മെത്രാപ്പൊലീത്താച്ചൻ തിരുമേനിയുടെ കല്പന സിദ്ധിക്കയും ഉണ്ടായി. ഈ ദേവാലയം ഇരിക്കുന്ന കരയിലെ കണ്ണാട്ടു തോടിനു മേക്കും കണിയാന്തോടിനു വടക്കും കായലിനു കിഴക്കും ഇടയാറിനു തെക്കുമുള്ള പ്രദേശങ്ങൾ ഈ ദേവാലയ സീമയിൽ ഉൾപ്പെടുത്തി 1937 ജനുവരി 18-ാം തീയതി 13583-ാം നമ്പ്രായി ഇതിലേക്കുണ്ടായിട്ടുള്ള അരമനക്കല്പനയുടെ കാര്യവും പ്രസ്താവാർഹമത്രെ! കല്ലറക്കൽ കടവിൽ ബ.വലിയ മാത്തൻ കത്തനാർ അവർകളുടെ ഇതിനകമുള്ള ഭരണകാലത്തു കടവിൽ കുടുംബം വകയായി സിദ്ധിച്ചിട്ടുള്ള ഈ ദേവാലയവസ്തുക്കൾ ശരിയായി ദേഹണ്ഡങ്ങൾ നടത്തി വളരെ ആദായ സമൃദ്ധി വരുത്തുകയും ഒരു വൈദികനെ ഏർപ്പെടുത്തി യാതൊരു പരാശ്രയവും കൂടാതെ ദേവാലയകാര്യങ്ങൾ തുടർന്നു നടത്തിപ്പോകത്തക്ക ഐശ്വര്യസമൃദ്ധിയിൽ ദേവാലയം എത്തുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. ബ.വലിയ മാത്തച്ചൻ പള്ളി വികാരിയെന്ന നിലയിൽ ഭരണമാരംഭിച്ച ശേഷം പള്ളിക്കുള്ളിൽ തറയിൽ ഈർപ്പം മാറാതെ കാണുക മൂലം പള്ളിയകം തറ വീണ്ടും പൊക്കി സിമന്റിടുവിച്ച് മനോഹരമാക്കിത്തീർക്കുകയും അതുപോലെ മദ്ബഹാഭാഗം പരിഷ്ക്കരിച്ചു മോടിപിടിപ്പിക്കുകയും അൾത്താരയും വിചിത്രമായി അലങ്കരിക്കുകയും ചെയ്യുകയുണ്ടായി. ദേവാലയ നിർമ്മാണകാലത്തു പുതുതായി നികത്തിയെടുത്ത സ്ഥലമെന്നുള്ള കരുതലിൽ ഉറപ്പേറിയ അടിസ്ഥാനത്തിലായിരുന്നു പണികൾ സമാരംഭിച്ചതെങ്കിലും പള്ളിഭിത്തികൾ സുരക്ഷിതമായിരിക്കുവാൻ വീണ്ടും കുറേക്കൂടി ചില കരുതൽ നടപടികളും പണികളും കൂടി കെട്ടിടസംബന്ധമായും ചെയ്യുകയുണ്ടായി. ദിവ്യനാഥന്റെ പള്ളിവാസത്തിന് അനുയോജ്യമാം വിധം ദേവാലയത്തിന്നകവും കർമ്മാദികൾക്കുള്ള വസനസാമഗ്രികളും മോടിപിടിപ്പിക്കുവാൻ ബ.മാത്തച്ചൻ കാര്യമായ പല പരിഷ്ക്കാരങ്ങളും ഉയർന്ന സാമഗ്രികളുടെ സമ്പാദനവും നിർവ്വഹിച്ചിട്ടുമുണ്ട്. അതുപോലെ വിശിഷ്ടമായ സിംഹാസനം, സക്രാരി മുതലായവകളും അൾത്താരയിലെ തിരിക്കാലുകൾ മുതലായവ സമ്പാദിക്കുന്നതിലും ഇദ്ദേഹം ഉത്സുകനായി അക്കാര്യങ്ങളും ഇതിനകം സാധിച്ചിട്ടുണ്ട്.

ഇതിനും പുറമെ തന്റെ ജ്യേഷ്ഠപുത്രനും തന്റെ അത്യുത്സാഹത്തിൽ കുടുംബത്തിൽ നിന്നും വൈദികാന്തസ്സിൽ പ്രവേശിച്ച് റോമായിലെ പ്രൊപ്പഗാന്താ കോളേജിലെ വൈദികവിദ്യാഭ്യാസസൗഭാഗ്യം സിദ്ധിച്ച ഒരു പ്രഗത്ഭമതിയും ആയിരുന്ന ബ.കൊച്ചുമാത്തൻ കത്തനാർ വഴി, വിശുദ്ധനഗരത്തിൽ നിന്നും അനുഗ്രഹകരമാം വിധം ലബ്ധമായ വിശുദ്ധ കുരിശിന്റേയും പന്ത്രണ്ടു ശ്ലീഹന്മാരുടേയും മറ്റും തിരുശേഷിപ്പുകൾ യഥായോഗ്യം പള്ളിയിൽ നിക്ഷേപിക്കുന്നതിലും മറ്റും ബ.വലിയ മാത്തച്ചന്റെ ശ്രദ്ധ കാര്യമായി പതിഞ്ഞിരു

ന്നു. സ്വനാമകാരണനായ വിശുദ്ധ മത്തായി ശ്ലീഹായുടെ തിരുനാൾ ഓർശ്ലം പള്ളിയിൽ മുടങ്ങാതെ നടത്തുന്നതിനും തന്റെ പൂർവ്വികന്മാരിൽ പലർക്കും വേണ്ടി ആണ്ടുവട്ടത്തിൽ പല ദിവസങ്ങളിൽ ദിവ്യപൂജാനുഷ്ഠാനകർമ്മങ്ങൾ ഈ ദേവാലയമുള്ളിടത്തോളം കാലം നടത്തുന്നതിനും വേണ്ട വസ്തുക്കൾ പള്ളിക്കു സ്വന്തം വകയായി വെച്ചുകൊണ്ട് ബ. വലിയ മാത്തച്ചൻ സാന്ദർഭികമായി പ്രവർത്തിച്ചിട്ടുമുണ്ട്. ഇതുപോലെ പള്ളിക്കു പത്രമോനി വസ്തുക്കൾ നൽകിയും വേണ്ട പണച്ചെലവുകളും ബുദ്ധിമുട്ടുകളും ചെയ്തും ഈ ഓർശ്ലം ദേവാലയം ഈ രൂപത്തിലാക്കിയ ബ. വലിയ മാത്തച്ചന്റേയും സഹോദരന്മാരുടേയും പുത്രന്മാരുടേയും ഭാഗഭാഗിത്വവും പ്രത്യേകം പ്രസ്താവ്യമാണ്. പള്ളിക്ക് ഒരു വെള്ളിക്കുരിശ് നൽകുവാൻ തൈക്കടവു തെക്കേ വീട്ടിൽ ശ്രീ വർക്കി ചാക്കോ അവർകൾ ചെയ്തിരുന്ന ഒരു നിയോഗം അദ്ദേഹത്തിന്റെ പുത്രന്മാരുടെ കാലത്തു സാധിതമായ കാര്യവും വിസ്മരണീയമല്ല. ഓർശ്ലം പള്ളിക്ക് സമീപം താമസിച്ച് പള്ളിപണിക്കാര്യങ്ങളിലും അതിന്റെ ശ്രേയോഭിവൃദ്ധിയിലും അനവരതം ബുദ്ധിമുട്ടി പ്രവർത്തിച്ചിട്ടുള്ള ശ്രീ കല്ലറക്കൽ കടവിൽ നിന്നും തൈക്കടവിൽ താമസം ശ്രീ വർക്കി ഔസേപ്പ് അവർകൾ 1943 ജൂൺ 14 - ാം തീയതി ചരമം പ്രാപിച്ചപ്പോൾ അദ്ദേഹത്തിന്റെ മൃതശരീരം ഈ ദേവാലയത്തിനുള്ളിൽ വടക്കുഭാഗമായി സംസ്ക്കരിക്കുകയും അവിടെ അദ്ദേഹത്തിന്റെ പുത്രന്മാരും മറ്റും ചേർന്ന് ഒരു സ്മാരകശില സ്ഥാപിക്കുകയും ചെയ്തിട്ടുള്ള കാര്യവും പ്രസ്താവ്യമാണ്. അദ്ദേഹത്തിന്റെ അനുജൻ തെക്കേവീട്ടിൽ ശ്രീ വർക്കി ചാക്കോ അവർകളും പത്നിയും ചരമം പ്രാപിച്ച സന്ധിയിൽ ഈ ദേവാലയത്തിനു വേണ്ടി അത്യദ്ധ്വാനം ചെയ്തിട്ടുള്ള അവരുടെ മൃതശരീരങ്ങളും ഈ ദേവാലയത്തിനുള്ളിൽതന്നെ സംസ്ക്കരിക്കുവാൻ കുടുംബാംഗങ്ങൾക്ക് അതിരറ്റ താല്പര്യമുണ്ടായിരുന്നതാണ്. എന്നാൽ അക്കാലത്ത് സർ. സി.പി.യുടെ ഒരു പുതിയ നിയമഖഢ്ഖം ഇതിനെതിരായിരുന്നതിനാൽ ആ സ്മര്യപുരുഷന്മാരാൽ പള്ളിക്കു സംഭാവന ചെയ്യപ്പെട്ടിരുന്ന സ്ഥലത്തെ പള്ളി സിമറ്ററിയിൽ പ്രത്യേക കല്ലറയിലാണ് അവരുടെ ഭൗതികാവശിഷ്ടങ്ങൾ തൽക്കാലമന്നു സംസ്ക്കരിക്കുവാനിടയായത്.

ഏവംവിധം ചരമകനകജൂബിലി ആഘോഷിക്കപ്പെട്ട ശ്രീ വർക്കി വർക്കി 2 - ാമന്റെ പ്രിയപുത്രന്മാരുടെ ഉറച്ച ദൈവഭക്തിയിൽ നിന്നും ഉദയം ചെയ്ത സ്വന്തം ഒരു ദേവാലയ സ്ഥാപനതാല്പര്യം, അവരിൽ വൈദികാന്തസ്സിൽ പ്രവേശിക്കുവാൻ പ്രത്യേക ദിവ്യകാരുണ്യം സിദ്ധിച്ച ബ.മാത്തൻ ശമ്മാശ്ശന് ഒരു കാലത്തു നമ്മുടെ അമ്മയായ അമലോത്ഭവജനനി നൽകിയ ഒരു പ്രത്യേക പ്രചോദനം മൂലം കൂടുതൽ തീക്ഷ്ണത പ്രാപിക്കുകയും, കാലത്തിന്റെ തികവിൽ അതൊരു യാഥാർത്ഥ്യമായി പരിണമിക്കുകയും ചെയ്തു. തങ്ങളുടെ സമ്പത്തിന്റെ നല്ലൊരംശം ദൈവകാര്യങ്ങൾക്കുവേണ്ടി കൂടി ചിലവാക്കാൻ സന്നദ്ധത കാണിച്ചു പരിശ്രമിച്ച ഈ സഹോദരന്മാരുടേയും വിശിഷ്യ വൈദികനായി തീർന്ന ഇവരിൽ കനിഷ്ഠ സഹോദരനായ ബ. വലിയ മാത്തൻ കത്തനാരുടേയും അതിരറ്റ പരിശ്രമത്താൽ സ്വന്തകുടുംബം വകയെങ്കിലും ഏവർക്കും ഉപകാരപ്രദമായി ദൈവമഹത്വം വളർത്തുന്ന ഒരു മഹൽസ്ഥാപനമായി അതിന്നു വളർന്നു വിരാജിക്കുകയും ചെയ്യുന്നു.